പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1765. 25-03-2013-ൽ മറുപടിക്ക്.

## മദ്യാസക്തിക്കെതിരായ പ്രചരണം

ചോദ്യം

ശ്രീ. സണ്ണി ജോസഫ്:
" അൻവർ സാദത്ത്:
" ഷാഫി പറമ്പിൽ:
" ലൂഡി ലൂയിസ്:

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) മദ്യാസക്തിക്കെതിരായ പ്രചരണം വിജയകരമായി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നു വിശദമാക്കുമോ;

(എ) കേരളീയ സമൂഹത്തെ മദ്യാസക്തിയിൽ നിന്നും, ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ നിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുന്നതിനും, 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി, ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ നിന്നും പിൻതിരിപ്പിക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. NSS, SPC പ്രോജക്ട്, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായ ബോധവത്ക്കരണ പരിപാടികളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(സി) പ്രചരണങ്ങൾ ആസൂത്രിതവും സംഘടിതവും പ്രായോഗികവും വിജയകരവുമായി നടപ്പി

(ബി)-യും, (സി)-യും
ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം, എക്സൈസ് വകുപ്പ്, വിപുലവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, NSS, SPC പ്രോജക്ട്, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകങ്ങൾ മുതലായവ നടത്തി വരുന്നു.
ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്. എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം

| | | |
|---|---|---|
| | ലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. റെയിൽവേ സ്റ്റേഷനുകൾ, KSRTC ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങളിലെ C.C.T.V. -കൾ വഴി ലഹരി വിരുദ്ധ പരസ്യം നൽകുന്നതാണ്. |
| (ഡി) | ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്? | (ഡി) NSS, SPC പ്രോജക്റ്റ്, കുടുംബശ്രീ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, I & PRD, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് എക്സൈസ് വകുപ്പ്, വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ആഫീസർ